നവകേരളം വാർത്ത
ന്യൂസ്‌ലെറ്റർ
2024 ജൂൺ വാല്യം 1
34
ഓൺലൈൻ വായനയ്ക്ക്

# പാരിസ്ഥിതിക നീതി എല്ലാവർക്കും ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കണം : മുഖ്യമന്ത്രി



പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും പരിസ്ഥിതിയുടെ സുസ്ഥിരതയും രാഷ്ട്രീയ വിഷയങ്ങളാണെന്നും പ്രകൃതി ചൂഷണത്തിനെതിരെ രാഷ്ട്രീയപ്പോരാട്ടമുണ്ടാകണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. പാരിസ്ഥിതിക നീതി എല്ലാവർക്കും ഉറപ്പാക്കുന്ന പ്രായോഗിക പ്രവർത്തനങ്ങളും ഏറ്റെടുക്കണം. കാലാവസ്ഥാ ചാഞ്ചാട്ടങ്ങൾ പ്രതിരോധിക്കുന്ന കൃഷിരീതി സ്വായത്തമാക്കണം. കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികളെ സംസ്ഥാനത്തിന്റെ സാധ്യമായ സംവിധാനം പ്രയോജനപ്പെടുത്തി നേരിടും. പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ സർക്കാർ പരിപാടികളായി മാത്രം നടത്താനാകില്ല. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കാനാണു സർക്കാർ ഊന്നൽ നൽകുന്നത്. കേരളത്തിന്റെ ഹരിതാവരണം ഇല്ലാതായിക്കൊണ്ടിരിക്കുന്നു എന്ന ബോധ്യത്തിലാണു ഹരിതകേരളം മിഷനിലൂടെ പച്ചത്തുരുത്ത് വ്യാപന പദ്ധതി ഏറ്റെടുത്തത്. തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ ഉചിതമായ സ്ഥലം കണ്ടെത്തി സ്വാഭാവിക വനമാതൃക സൃഷ്ടിച്ചെടുത്തു സംരക്ഷിക്കുക എന്നതാണു പച്ചത്തുരുത്ത് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കാവുകളുടേയും കണ്ടൽക്കാടുകളുടേയും സംരക്ഷണവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വർഷത്തെ പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് ആയിരം പച്ചത്തുരുത്തുകൾ കൂടി സൃഷ്ടിക്കാനുള്ള ബൃഹദ് പദ്ധതിയാണു ഹരിതകേരളം മിഷനിലൂടെ സർക്കാർ ഏറ്റെടുത്തിരിക്കുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. 2050 ൽ സംസ്ഥാനം കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള നെറ്റ് സീറോ കാർബൺ കേരളം എന്ന അവസ്ഥയിലെത്താൻ പച്ചത്തുരുത്തുകൾക്ക് സുപ്രധാന പങ്കുവഹിക്കാനാകും.

# സംസ്ഥാനത്തെ ആദ്യ പച്ചത്തുരുത്തിന് അഞ്ചു വയസ്



അന്ന്



ഇപ്പോൾ

ഹരിത കേരളം മിഷൻ സംസ്ഥാനത്തു നടപ്പാക്കിവരുന്ന പച്ചത്തുരുത്ത് പദ്ധതിയിലെ ആദ്യ പച്ചത്തുരുത്തിനു അഞ്ചു വയസ്. 2019 ജൂൺ 5 ലെ ലോക പരിസ്ഥിതി ദിനത്തിൽ തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് പഞ്ചായത്തിലെ വേങ്ങോട് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കോമ്പൗണ്ടിലെ അഞ്ചു സെന്റിൽ നീർമാതളതൈ നട്ട് മുഖ്യമന്ത്രി പിണറായി വിജയനാണു പച്ചത്തുരുത്ത് പദ്ധതിക്ക് തുടക്കം കുറിച്ചത്. ആ നീർമാതളം ഉൾപ്പെടെ എല്ലാ ചെടികളും പച്ചത്തുരുത്തിൽ വളർന്നു പൂത്തു പന്തലിച്ചു ഒരു ചെറുകാടു പോലെയായി. മുള ചെടിയിലും മറ്റു മരങ്ങളിലെ സുരക്ഷിത ചില്ലകളിലും കിളികൾ കൂടു വച്ചു. ശലഭങ്ങളും തുമ്പികളും ചെറുകിളികളും ഉണ്ടെന്നു മാത്രമല്ല പുലർകാലത്തു കിളികളുടെ വിവിധ ശബ്ദങ്ങളും ഒക്കെയായി ഒരു ജൈവ വൈവിധ്യ ആവാസ വ്യവസ്ഥ തന്നെ ഇവിടെ രൂപപ്പെട്ടിരിക്കുന്നു. ഔഷധ സസ്യങ്ങളാണ് ഈ പച്ചത്തുരുത്തിൽ ഏറെയും. അഞ്ചു വർഷം പിന്നിടുമ്പോൾ പദ്ധതിയിലൂടെ സംസ്ഥാനമൊട്ടാകെ വിവിധ ഇടങ്ങളിലായി 850 ഏക്കർ വിസ്തൃതിയിൽ 2950 പച്ചത്തുരുത്തുകൾ ഹരിതകേരളം മിഷൻ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

## എഡിറ്റോറിയൽ

# പരിസ്ഥിതിയും വികസനവും



ഒരു പരിസ്ഥിതി ദിനം കൂടി കടന്നു പോയി. ഭൂപുനഃസ്ഥാപനം, മരുഭൂവൽക്കരണം തടയൽ, വരൾച്ചാ പ്രതിരോധം എന്നീ മൂന്നു കേന്ദ്ര വിഷയങ്ങളിലൂന്നിയായിരുന്നു ഇക്കൊല്ലത്തെ ലോക പരിസ്ഥിതി ദിന പരിപാടികൾ. ലോകമാകെ പരിസ്ഥിതി നേരിടുന്ന വെല്ലുവിളികളിൽ പലതും കേരളത്തിലും അനുഭവപ്പെടുന്നുണ്ട്. എന്നാൽ കേരളത്തിന്റെ പരിസ്ഥിതിയിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന കുന്നുകളും കാടും കായലും പുഴകളും നീർച്ചാലുകളും ചതുപ്പുകളും വയലുകളും നശിക്കാതെ പുനഃരുജ്ജീവിപ്പിച്ചു സംരക്ഷിക്കാനാണ് സർക്കാർ ഹരിതകേരളം മിഷനിലൂടെ ശ്രമിക്കുന്നത്.

നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പിനായുള്ള ഇനി ഞാനൊഴുകട്ടെ, പശ്ചിമഘട്ട പ്രദേശ സംരക്ഷണം ലക്ഷ്യമിട്ട് നടപ്പാക്കുന്ന സുരക്ഷിതമാക്കാം പശ്ചിമഘട്ടം കാമ്പയിൻ, അനുബന്ധ മാപത്തോൺ പ്രവർത്തനങ്ങൾ, ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവ നടന്നു വരികയാണ്. പരിസ്ഥിതി സംരക്ഷണത്തിൽ സുപ്രധാനമായ കാർബൺ ന്യൂട്രാലിറ്റി ലക്ഷ്യമിട്ട് നടത്തി വരുന്ന നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ 124 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുരോഗമിക്കുന്നു. തരിശിടങ്ങളിൽ തദ്ദേശീയമായ വൃക്ഷതൈകൾ നട്ടു വളർത്തി ജൈവവൈവിധ്യത്തിന്റെ സ്വാഭാവിക ഇടങ്ങൾ സൃഷ്ടിക്കുന്ന പച്ചത്തുരുത്തുകൾ 3000 ത്തോടടുക്കുകയാണ്. ഈ വർഷത്തെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 1000 പച്ചത്തുരുത്തുകൾ കൂടി വച്ചുപിടിപ്പിക്കാനുള്ള പ്രവർത്തനവും പുരോഗമിക്കുന്നു.

പരിസ്ഥിതിയുടെ ശാസ്ത്രവും സംരക്ഷണവും മുൻനിർത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനങ്ങളെ അണി നിരത്തിയുള്ള പ്രവർത്തനങ്ങളാണ് ഹരിതകേരളം മിഷൻ നിർവഹിക്കുന്നത്. പരിസ്ഥിതിയുമായുള്ള സന്തുലന സമ്പർക്കം ഒരു വ്യക്തിയുടെ മാത്രം ആവശ്യമല്ല, സമൂഹത്തിന്റെ കടമയാണെന്ന ബോധ്യമാണ് പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ മിഷനെ പ്രേരിപ്പിക്കുന്നത്.

സുസ്ഥിര വികസനം നിർണ്ണയിക്കുന്ന അടിസ്ഥാന ഘടകങ്ങളിൽ പ്രധാനമാണ് പരിസ്ഥിതി പുനഃസ്ഥാപനവും പ്രകൃതി സംരക്ഷണവും. മണ്ണും മനുഷ്യനും തമ്മിലുള്ള ജൈവ ബന്ധം പോലെ തന്നെ അഭേദ്യമാണ് സമ്പദ് വ്യവസ്ഥയും പ്രകൃതി വിഭവങ്ങളും തമ്മിലുള്ള ബന്ധവും. മനുഷ്യനെ പ്രകൃതിയുടെ ഭാഗമായി കാണുന്ന, പരിസ്ഥിതിയും വികസനവും സന്തുലിതമാകുന്ന വികസന സമീപനമാണ് സർക്കാർ മുന്നോട്ടു വയ്ക്കുന്നത്. ഈ രീതി ശാസ്ത്രമാണ് ഹരിത കേരളം മിഷനും അനുവർത്തിക്കുന്നത്.

ഡോ. ടി.എൻ. സീമ
സംസ്ഥാന കോർഡിനേറ്റർ,
നവകേരളം കർമപദ്ധതി 2

## ആഘോഷമായി സംസ്ഥാന സ്കൂൾ പ്രവേശനോത്സവം

### പുതിയ ലോകത്തെ നേരിടാൻ കുട്ടികളെ പ്രാപ്തരാക്കുന്നതാണ് പൊതുവിദ്യാഭ്യാസ മേഖല : മുഖ്യമന്ത്രി



പുതിയ കാലത്തെയും ലോകത്തെയും നേരിടാൻ കുട്ടികളെ പ്രാപ്തരാക്കുന്ന തരത്തിലാണ് പൊതുവിദ്യാഭ്യാസ മേഖലയെ സർക്കാർ ശക്തിപ്പെടുത്തിവരുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. എറണാകുളം എളമക്കര ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ സ്കൂൾ പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

പൊതുവിദ്യാഭ്യാസ മേഖല തകർച്ച നേരിട്ടപ്പോൾ 2016 ൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചു. നാടാകെ ഒന്നിച്ചുകൊണ്ടുള്ള ജനകീയ കാമ്പയിനായിരുന്നു അത്. അതിന്റെ മാറ്റം പൊതുവിദ്യാഭ്യാസ മേഖലയിലാകെ ഇന്ന് പ്രകടമാണ്. പലവിധ സൗകര്യങ്ങളാണ് സ്കൂളുകളിൽ കുട്ടികൾക്കായി ഒരുക്കിയിരിക്കുന്നത്. ഹൈടെക് ക്ലാസ് റൂം, റോബോട്ടിക് കിറ്റ്, വിജ്ഞാനത്തോടൊപ്പം വിനോദവും കുട്ടികളുടെ നൈസർഗിക വാസനകളും പ്രോത്സാഹിപ്പിക്കുന്ന പുത്തൻ പാഠ്യപദ്ധതികളുമൊക്കെയായി വിപുലമായ സൗകര്യങ്ങളാണു നമ്മുടെ സ്കൂളുകളിൽ. ഈ സൗകര്യങ്ങൾ എല്ലാം സന്തോഷത്തോടെ ഉപയോഗപ്പെടുത്തി ജീവിതത്തിൽ മുന്നേറാൻ കുട്ടികൾക്കു കഴിയട്ടെയെന്ന് മുഖ്യമന്ത്രി ആശംസിച്ചു.

കുട്ടികളിൽ പാരിസ്ഥിതിക അവബോധത്തിനു നടപടി സ്വീകരിച്ചു. ഭിന്നശേഷി കുട്ടികൾക്കു ശാസ്ത്രീയ വിദ്യാഭ്യാസ രീതി പിന്തുടരുന്നു. സ്വയം നവീകരിക്കാൻ എല്ലാ പിന്തുണയും സർക്കാർ നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. തുടർന്നു നവാഗതരായ കുരുന്നുകൾക്ക് മുഖ്യമന്ത്രി ബാഗും കുടയും സമ്മാനിച്ചു. പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിച്ചു. ചടങ്ങിൽ പൊതുവിദ്യാഭ്യാസ കലണ്ടർ, മന്ത്രി പി. രാജീവ് പ്രകാശനം ചെയ്തു. പൊതുവിദ്യാഭ്യാസ ഡയറക്ടർ എം. ഷാനവാസ് ഏറ്റുവാങ്ങി.

പാലക്കാട് ജില്ലയിലെ തൃത്താല ബ്ലോക്കിൽ പുതിയ പച്ചത്തുരുത്ത് ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം. ബി. രാജേഷ് തൈകൾ നട്ട് തുടക്കം കുറിച്ചു. കണിശാഖമന അങ്കണത്തിൽ കാവിനോടു ചേർന്നുകിടക്കുന്ന അര ഏക്കർ ഭൂമിയിൽ 700 തൈകൾ ആണ് പുതുതായി നട്ടു പിടിപ്പിച്ചത്.



# ആർദ്രതയോടെയുള്ള പെരുമാറ്റം ചികിത്സയിൽ പ്രധാനം : മന്ത്രി വീണാ ജോർജ്

രോഗികളോട് ആർദ്രതയോടെയുള്ള പെരുമാറ്റം ചികിത്സയിൽ പ്രധാനമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആരോഗ്യ വകുപ്പിലെ വിവിധ ആശുപത്രികളിലെ ഡോക്ടർമാരെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു മന്ത്രി. ആശുപത്രികളുടെ പ്രവർത്തന സമയം ഉറപ്പാക്കണം. ആശുപത്രികൾ പൂട്ടിയിടുന്ന സാഹചര്യം ഒഴിവാക്കണമെന്നും മന്ത്രി നിർദേശം നൽകി. ആശുപത്രികളുടെ ഗുണനിലവാരം ഉയർത്തി രോഗികൾക്ക് മികച്ച സൗകര്യങ്ങളൊരുക്കുകയാണ് സർക്കാർ നയം. ആർദ്രം മിഷനിലൂടെ ചികിത്സാ സൗകര്യങ്ങൾ വലിയ തോതിൽ വർധിപ്പിച്ചു.

ആശുപത്രികളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ തടസപ്പെടരുത്. സംസ്ഥാനത്ത് ഡയാലിസിസ് സംവിധാനം ശക്തിപ്പെടുത്തും. സ്ഥലമില്ലാത്ത ആശുപത്രികളിൽ



മൊബൈൽ യൂണിറ്റുകൾ സജ്ജമാക്കും. ലക്ഷ്യ സ്റ്റാൻഡേർഡ്സ് പ്രകാരം ലേബർ റൂമുകൾ സജ്ജമാക്കി വരുന്നതായും മന്ത്രി പറഞ്ഞു.

# പച്ചപ്പുകൾ വർദ്ധിപ്പിക്കണം : മന്ത്രി വി.എൻ. വാസവൻ

പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് 1000 പച്ചത്തുരുത്തുകൾക്ക് കൂടി തുടക്കം കുറിക്കുന്ന പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം സഹകരണ-തുറമുഖം വകുപ്പ് മന്ത്രി വി.എൻ. വാസവൻ കുമരകം നോർത്ത് ഗവ. എൽ.പി. സ്കൂൾ വളപ്പിൽ വൃക്ഷത്തൈ നട്ടുകൊണ്ട് നിർവഹിച്ചു. പച്ചപ്പുകൾ ധാരാളം സൃഷ്ടിക്കുക വഴിയാണ് നമ്മൾക്കു ജൈവവൈവിധ്യം സംരക്ഷിക്കാനാകുന്നതെന്നു മന്ത്രി പറഞ്ഞു.



ചടങ്ങിൽ നവകേരളം കർമപദ്ധതി ജില്ലാ അധ്യക്ഷ കൂടിയായ കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു അധ്യക്ഷത വഹിച്ചു. ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തംഗം കവിത ലാലു പരിസ്ഥിതി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. നവകേരളം കർമപദ്ധതി ജില്ലാ കോഡിനേറ്റർ എസ്. ഐസക് വിഷയാവതരണം നടത്തി. കുമരകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ധന്യ സാബു, വൈസ് പ്രസിഡന്റ് വി.കെ. ജോഷി, ഗ്രാമപഞ്ചായത്തംഗമായ സുരേഷ്, കുമരകം നോർത്ത് എൽ.പി. സ്കൂൾ ഹെഡ്മിസ്ട്രസ് കെ. സിന്ധു എന്നിവർ പ്രസംഗിച്ചു. ജില്ലാതല ഉദ്ഘാടനം നടന്ന കുമരകം ഗവ. എൽ.പി സ്കൂളിൽ 10 സെന്റിൽ പച്ചത്തുരുത്ത് വ്യാപിപ്പിക്കും.

പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണം ലക്ഷ്യമിട്ട് സംസ്ഥാന വ്യാപകമായി പച്ചത്തുരുത്തുകൾ നിർമ്മിക്കാനുള്ള ദൗത്യം 2019ലാണ് ഹരിത കേരളം മിഷൻ ഏറ്റെടുത്തത്. ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ ജില്ലയിൽ 7.82 ഏക്കർ തരിശുഭൂമിയിൽ 90 പച്ചത്തുരുത്തുകൾ ഒരുക്കിയിട്ടുണ്ട്. ജില്ലയിലെ 11 ബ്ലോക്ക് പരിധികളിൽ ഓരോ മാതൃക തുരുത്തുകൾ അടക്കം വളർത്തിയെടുത്തിട്ടുണ്ട്. ഈ സാമ്പത്തികവർഷം 50 ഏക്കറിൽ പദ്ധതി നടപ്പാക്കും. 20 ഏക്കർ ഇതുവരെ കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. കോളേജിൽ 10 ഏക്കറിൽ ജൈവ വൈവിധ്യ ക്യാമ്പസ് നിർമിക്കും.

# പാരിസ്ഥിതികം 2024

പാലക്കാട് ജില്ലയിലെ വിവിധ പാരിസ്ഥിതിക ആഘാതങ്ങൾ ലഘൂകരിക്കുന്നതിനും പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി കാർഷിക വികസനവും ജലസംരക്ഷണവും മാലിന്യസംസ്കരണവും ഉറപ്പാക്കുന്നതിനായി നവകേരളം കർമപദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ 'പാരിസ്ഥിതികം 2024' എന്ന ബഹുതല കാമ്പയിൻ ആരംഭിക്കുന്നതിന്റെ ഭാഗമായി 2024 മെയ് 29 നു ജില്ലാ പഞ്ചായത്ത് ഹാളിൽ ജില്ലാതല ശിൽപ്പശാല സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ബിനുമോൾ അധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ പി.സെയ്തലവി കാമ്പയിൻ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി 'ജലസമൃദ്ധി, കാർഷികമേഖലയിൽ 'നൂറുമേനി, പാരിസ്ഥിതിക ആഘാതങ്ങൾ മറികടക്കുന്നതിനായി 'ഹരിതഭൂമി, മാലിന്യസംസ്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി 'നല്ലഭൂമി', തുടങ്ങി വിവിധ പ്രവർത്തനങ്ങളാണ് 'പാരിസ്ഥിതിക 2024' കാമ്പയിന്റെ ഭാഗമായി നടപ്പിലാക്കുന്നത്.

# വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കണം : മന്ത്രി ജി.ആർ. അനിൽ



തിരുവനന്തപുരം ജില്ലാതല പരിസ്ഥിതി ദിനാചരണം മാണിക്കൽ പഞ്ചായത്തിൽ മന്ത്രി ജി.ആർ. അനിൽ നിർവഹിച്ചു.
തരിശുഭൂമിയിലും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങളിലും പരമാവധി വൃക്ഷതൈകൾ വച്ചുപിടിപ്പിക്കാൻ സമൂഹത്തെ പ്രേരിപ്പിക്കണമെന്ന് ഭക്ഷ്യ സിവിൽ സപ്ലൈ വകുപ്പ് മന്ത്രി ജി.ആർ. അനിൽ. നമ്മുടെ വീട്ടിലോ നമ്മുടെ പരിസരത്തോ ഒരു തൈയെങ്കിലും വച്ചുപിടിപ്പിക്കാനായാൽ അതാവും നാടിനും ഭാവി തലമുറയ്ക്കുമായി നമുക്കു ചെയ്യാനാവുന്ന ഏറ്റവും നല്ലൊരു കാര്യമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. ഹരിതകേരളം മിഷനുമായി ചേർന്ന് തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ പഞ്ചായത്തിൽ മത്തനാട് കാവോരം വീഥിയിൽ സംഘടിപ്പിച്ച ലോക പരിസ്ഥിതി ദിനാഘോഷങ്ങളുടെ ജില്ലാതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

ലോകം മരുഭൂവൽക്കരണവും തരിശുഭൂമി വർധനയും നേരിടുന്ന പശ്ചാത്തലത്തിൽ നമ്മുടെ ഭൂമിക്കും ഭാവിക്കുമായി ചെയ്യുന്ന ഓരോ പ്രവർത്തനങ്ങളും വിലപ്പെട്ടതാണെന്ന് ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത് സംസാരിച്ച നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്ററും ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സണുമായ ഡോ. ടി.എൻ. സീമ പറഞ്ഞു. ഹരിതകേരളം മിഷനുമായി ചേർന്ന് ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പുഴയൊഴുകും മാണിക്കൽ പദ്ധതി മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാതൃകയാണ്. കാവുകൾ ജൈവവൈവിധ്യത്തിന്റെ കലവറയാണെന്നും പച്ചത്തുരുത്തു പദ്ധതിയിലുൾപ്പെടുത്തി കാവുകളുടെ സംരക്ഷണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ ഏറ്റെടുത്ത് നടപ്പാക്കുകയാണെന്നും ഡോ. ടി.എൻ. സീമ പറഞ്ഞു. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, കുതിരകുളം ജയൻ ചടങ്ങിൽ അധ്യക്ഷനായി. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷരായ എം. അനിൽകുമാർ, വിജയകുമാരി ആർ. എന്നിവർ സംസാരിച്ചു. വികസന കാര്യാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എം. അനിൽകുമാർ പരിസ്ഥിതി ദിന പ്രതിജ്ഞ ചൊല്ലി. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് എസ്. ലേഖാ കുമാരി സ്വാഗതവും കൃഷി ഓഫീസർ സതീഷ് കുമാർ ഐ.ബി. കൃതജ്ഞതയും പറഞ്ഞു. ജനപ്രതിനിധികൾ, ഹരിതകേരളം മിഷനിലെയും വിവിധ വകുപ്പുകളിലേയും ഉദ്യോഗസ്ഥർ, തൊഴിലുറപ്പ് പദ്ധതി ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ, നാട്ടുകാർ തുടങ്ങി നിരവധിപേർ പങ്കെടുത്തു. പുഴയൊഴുകും മാണിക്കൽ പദ്ധതിയുടെ ഭാഗമായി പുഴയോരത്ത് 14. കി.മീ. ദൂരത്ത് മുളംതൈ വച്ചുപിടിപ്പിക്കുന്ന പരിപാടികൾക്കും തുടക്കമായി. 15 ഇനങ്ങളിലുള്ള വിവിധയിനം മുളകളുടെ തൈകളാണ് ഇതിനായി ഉപയോഗിക്കുന്നത്.

# ട്രാവൻകൂർ ടൈറ്റാനിയം ക്യാമ്പസിൽ പച്ചത്തുരുത്ത്



ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്സ് ലിമിറ്റഡ് ക്യാമ്പസിൽ 2 ഏക്കർ സ്ഥലത്ത് ഫലവർഗ പച്ചത്തുരുത്തിന് തുടക്കമായി. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ.ടി.എൻ സീമ വൃക്ഷതൈ നട്ട് ഉദ്ഘാടനം ചെയ്തു. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്സ് ലിമിറ്റഡ് ക്യാമ്പസിലെ പ്രകൃതി സൗഹൃദ പ്രവർത്തനങ്ങൾ എല്ലാ വ്യവസായ സ്ഥാപനങ്ങൾക്കും മാതൃകയാണെന്ന് ഡോ.ടി.എൻ.സീമ പറഞ്ഞു.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ജോർജ്ജി നൈനാൻ പരിപാടിയിൽ അധ്യക്ഷത വഹിച്ചു. വെട്ടുകാട് വാർഡ് കൌൺസിലർ ക്ലൈനസ് റൊസാരിയോ,ജനറൽ മാനേജർ പ്രഭാകരൻ എം.കെ, വിനോദ് ആർ, പി.ആർ.ഒ സതീഷ് എ.കെ എന്നിവർ സംസാരിച്ചു.

നവകേരളം കർമ പദ്ധതി അസിസ്റ്റന്റ് കോർഡിനേറ്റർ ടി.പി. സുധാകരൻ പരിസ്ഥിതിദിന പ്രതിജ്ഞ ചൊല്ലി. പച്ചത്തുരുത്ത് ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തവർക്കായി ടി.ടി.പി.എൽ ന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിന ചോദ്യോത്തര മത്സരം സംഘടിപ്പിക്കുകയും വിജയികളായവർക്ക് വൃക്ഷതൈകൾ സമ്മാനിക്കുകയും ചെയ്തു.

# അഗ്രിക്ലിനിക്കും സോയിൽ ഹെൽത്ത്കാർഡ് വിതരണവും

ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഇടുക്കി മറയൂർ, കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ കരിമ്പ് കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് വിതരണവും അഗ്രി ക്ലിനിക്കും സംഘടിപ്പിച്ചു. 2024 മെയ് 30ന് മറയൂർ സർവീസ് സഹകരണ ബാങ്ക് ഹാളിൽ വച്ച് നടത്തിയ അഗ്രിക്ലിനിക്കിൽ 30 കർഷകർ പങ്കെടുത്തു.

മറയൂർ, കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ കരിമ്പ് കൃഷി തോട്ടങ്ങളിൽ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാന മണ്ണ് പര്യവേക്ഷണ - മണ്ണ് സംരക്ഷണ വകുപ്പിന്റെയും സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ ആരംഭിച്ച മണ്ണ് പരിശോധന ക്യാമ്പയിന്റെ ഭാഗമായി 59 കർഷകരുടെ മണ്ണ് സാമ്പിളുകൾ ശേഖരിക്കുകയും പരിശോധന നടത്തുകയും ചെയ്തിരുന്നു. മറയൂർ ഗ്രാമപഞ്ചായത്തുമായും മറയൂർ സർവീസ് സഹകരണ ബാങ്കുമായും സഹകരിച്ച് നടത്തിയ ഈ പരിപാടിയുടെ



തുടർച്ചയായിട്ടാണ് സോയിൽ ഹെൽത്ത് കാർഡ് വിതരണവും അഗ്രി ക്ലിനിക്കും സംഘടിപ്പിച്ചത്. ഹരിത കേരളം മിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ സഞ്ജീവ് .എസ് .യു പരിപാടി ഉദ്ഘാടനം ചെയ്തു. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ രമേശ് പി, ദേവികുളം എ ഡി എ ജോൺസൺ .എം. എസ് എന്നിവർ സോയിൽ ഹെൽത്ത് കാർഡ് വിതരണം നിർവഹിച്ചു. മണ്ണ് പര്യവേക്ഷണ ഓഫീസറായ പി.വി അഷിദ പരിശോധന ഫലം സംബന്ധിച്ച് ക്ലാസ്സെടുത്തു. കർഷകരുടെ സംശയങ്ങൾക്ക് മണ്ണ് പര്യവേക്ഷണ വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ പി.രമേഷ് മറുപടി നൽകി. ഹരിതകേരളം മിഷൻ പ്രോഗ്രാം ഓഫീസർ കൃഷ്ണകുമാർ, പ്രോജക്ട് കോർഡിനേറ്റർ ലിജി, പ്രോജക്ട് അസ്സോസിയേറ്റ് ജിഷ്ണു, മണ്ണ് പര്യവേക്ഷണ ഓഫീസർ കെ എസ് ബിനിമോൾ, മറയൂർ കൃഷി ഓഫീസർ അലൻ, കാന്തല്ലൂർ കൃഷി ഓഫീസർ ഹുബൈബ് എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# നാലുലക്ഷം കടന്ന് ലൈഫ് വീടുകൾ

സംസ്ഥാന സർക്കാരിന്റെ സമ്പൂർണ പാർപ്പിട പദ്ധതിയിൽ ഇതുവരെ പൂർത്തീകരിച്ചത് 4,04,278 വീടുകൾ. കരാറിലേർപ്പെട്ട 5,07,058 ഗുണഭോക്താക്കളിൽ 80 ശതമാനത്തോളം പേർക്ക് ഇതിനകം വീട് ലഭിച്ചു. ഇതിൽ 2023-24 സാമ്പത്തിക വർഷം 63518 വീടുകളാണ് പൂർത്തീകരിച്ചത്. 1,00,052 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. അതി ദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവന നിർമ്മാണത്തിനായി കരാർ വച്ച 3945 കുടുംബാംഗങ്ങളിൽ



1896 ഗുണഭോക്താക്കളുടെ വീടുകളും പൂർത്തിയായി. ഭവന സമുച്ചയങ്ങളിൽ 4 എണ്ണം നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറി. 21 ഭവന സമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. 'മനസ്സോടിത്തിരി മണ്ണ്' കാമ്പയിന്റെ ഭാഗമായി 31.56 ഏക്കർ ഭൂമി ലൈഫ് മിഷന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 16.9 ഏക്കർ ഭൂമി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്തു നൽകി.



# പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് സംസ്ഥാനത്ത് 1000 പച്ചത്തുരുത്തുകൾക്ക് കൂടി തുടക്കം

പച്ചത്തുരുത്തുകളുടെ വ്യാപനത്തിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന ബൃഹത് കാമ്പയിന് ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിൽ തുടക്കമായി. ഇതിന്റെ ഭാഗമായി 1000 ത്തിലധികം പച്ചത്തുരുത്തുകൾ കൂടി തുടർന്നുള്ള ദിവസങ്ങളിൽ സംസ്ഥാനത്ത് പുതിയതായി ആരംഭിക്കും. ഒരു ഗ്രാമപഞ്ചായത്ത്-നഗരസഭയിൽ ഒന്നു വീതം എന്ന തോതിൽ


ആലപ്പുഴ

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പച്ചത്തുരുത്തിനായി തൈകൾ നട്ടു. ജൂൺ 5 പരിസ്ഥിതി ദിനത്തിൽ മന്ത്രിമാർ,എം.എൽ.എ മാർ,ജില്ലാ കളക്ടർമാർ,ജനപ്രതിനിധികൾ എന്നിവർ വിവിധ സ്ഥലങ്ങളിൽ പച്ചത്തുരുത്തുകളിൽ വൃക്ഷത്തെ നട്ടു കൊണ്ട് കാമ്പയിന്റെ ഭാഗമായി.


ഇടുക്കി

തൃശ്ശൂർ അവണൂർ ഗ്രാമപഞ്ചായത്ത് ശാന്ത ഹയർ സെക്കന്ററി സ്കൂളിൽ സേവിയർ ചിറ്റിലപ്പിള്ളി MLA യും കോഴിക്കോട് മണിയൂർ ജവഹർ നവോദയ വിദ്യാലയത്തിൽ കെ പി കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ എം എൽ എ യും പച്ചത്തുരുത്തുകളുടെ തൈ നടീൽ ഉദ്ഘാടനം ചെയ്തു. ആലപ്പുഴ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിലെ കെ എസ് ഡി പി അങ്കണത്തിൽ പച്ചത്തുരുത്ത് ജില്ലാതല ഉദ്ഘാടനം ആലപ്പുഴ എം.എൽ എ പി.പി


കണ്ണൂർ


കോഴിക്കോട്

ചിത്തരഞ്ജൻ നിർവഹിച്ചു.

മലപ്പുറം ജില്ല പൊന്നാനി നഗരസഭയിലെ ഈശ്വരമംഗലം കോട്ടത്തറയിൽ നഗരസഭാചെയർമാൻ ശിവദാസൻ ആറ്റുപുറത്തും, പത്തനംതിട്ട ജില്ല റാന്നി ഗ്രാമപഞ്ചായത്തിൽ പരമ്പരാഗത തിരുവാഭരണ പാതയിൽ റാന്നി ബ്ലോക്ക് പ്രസിഡന്റ് കെ എസ് ഗോപി എന്നിവർ ജില്ലാതല പച്ചത്തുരുത്തുകളുടെ ഉദ്ഘാടനം നിർവഹിച്ചു.


കാസർഗോഡ്

കണ്ണൂർ ഇരിട്ടി നഗരസഭയിൽ എടക്കാനം റിവർ വ്യൂ പോയിന്റിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി. പി ദിവ്യയും വയനാട് മുട്ടിൽ ഗ്രാമപഞ്ചായത്തിൽ കാരപ്പുഴ ഡാമിന് സമീപം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാരും ഉദ്ഘാടനം ചെയ്തു. കാസർഗോഡ് മടിക്കൈ ഗ്രാമപഞ്ചായത്തിൽ വെണ്ണനൂർ അമ്പലം പരിസരത്ത് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്


മലപ്പുറം

പി.ബേബി ബാലകൃഷ്ണനും, പാലക്കാട് പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ കഞ്ചിക്കോട് കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോളും പച്ചത്തുരുത്ത്


പാലക്കാട്

ജില്ലാതല ഉദ്ഘാടനം നിർവഹിച്ചു.

എറണാകുളം ജില്ലയിൽ കൊച്ചി ചാത്യാത്തിൽ കോർപറേഷൻ മേയർ അഡ്വ. എം അനിൽ കുമാർ ഉദ്ഘാടനം ചെയ്തു. ഇടുക്കി അറക്കുളം ഗ്രാമപഞ്ചായത്തിൽ അറക്കുളം PHC ക്ക് സമീപം


പത്തനംതിട്ട

ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ജോയിന്റ് കൺവീനർ ബിൻസ് സി. തോമസ് ഉദ്ഘാടനം നിർവഹിച്ചു. പച്ചത്തുരുത്ത് കൊല്ലം ജില്ലാതല ഉദ്ഘാടനം ധനമന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിക്കും.


എറണാകുളം

പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ ഹരിത കേരളം മിഷന്റെ സഫലമായ പദ്ധതിയാണ് പച്ചത്തുരുത്ത്. ഒഴിഞ്ഞുകിടക്കുന്ന സർക്കാർ ഭൂമി, മാലിന്യകേന്ദ്രങ്ങളായി മാറിയ പൊതു ഇടങ്ങൾ, തരിശുഭൂമി തുടങ്ങിയവ കണ്ടെത്തി അവിടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി എന്നിവയുടെ സേവനം കൂടി പ്രയോജനപ്പെടുത്തി പ്രാദേശിക ജൈവ വൈവിധ്യം ഉറപ്പാക്കി കൂട്ടമായി


വയനാട്

തൈകൾ നട്ടുവളർത്തുന്ന പദ്ധതിയാണ് പച്ചത്തുരുത്ത്. അഞ്ചു വർഷം പിന്നിടുമ്പോൾ പദ്ധതിയിലൂടെ സംസ്ഥാനമൊട്ടാകെ



തൃശൂർ

വിവിധ ഇടങ്ങളിലായി 850 ഏക്കർ വിസ്തൃതിയിൽ 2950 പച്ചത്തുരുത്തുകൾ ഹരിതകേരളം മിഷൻ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

# തിടനാട് ദേവഹരിതം പദ്ധതിക്ക് തുടക്കം

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കോട്ടയം ജില്ലയിൽ തിടനാട് മഹാക്ഷേത്രത്തിൽ ദേവഹരിതം പദ്ധതിക്ക് തുടക്കമായി. പരിസ്ഥിതി ദിനത്തിൽ തിടനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിജി തൈ നട്ടുകൊണ്ട് പദ്ധതിക്ക് തുടക്കം കുറിച്ചു. തിടനാട് വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിലെ എൻ.എസ്.എസ്. വോളണ്ടിയേഴ്സിന്റെ സഹകരണത്തോടെയാണ് ദേവഹരിതം നടപ്പിലാക്കുന്നത്. ക്ഷേത്ര ആവശ്യങ്ങൾക്കുള്ള പൂക്കൾ അവിടെത്തന്നെ കൃഷിചെയ്യുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ കാവ് സംരക്ഷണത്തിന്റെ ഭാഗമായി ആയുർവേദ സസ്യങ്ങളും വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നട്ടുപിടിപ്പിച്ചിട്ടുണ്ട്.





# പ്രകൃതിയെ തൊട്ടറിഞ്ഞ നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠനോത്സവം വിദ്യാർത്ഥികൾക്ക് വേറിട്ട അനുഭവമായി

വിദ്യാർത്ഥികൾക്ക് പുതിയ അറിവും അനുഭവങ്ങളും പകർന്നു നൽകി ഹരിതകേരളം മിഷൻ സംഘടിപ്പിച്ച നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠനോത്സവം ശ്രദ്ധനേടി. ലോക ജൈവവൈവിധ്യ ദിനചാരണത്തോടനുബന്ധിച്ചു മെയ് 26 ന് രാവിലെ അടിമാലി നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രത്തിൽ തുടക്കംകുറിച്ച ത്രിദിന ക്യാമ്പിൽ 14 ജില്ലകളിൽ നിന്നുള്ള 59 വിദ്യാർത്ഥികൾ പങ്കെടുത്തു. ഇടുക്കി ജില്ലയിലെ അടിമാലി മൂന്നാർ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചായിരുന്നു പഠനോത്സവം സംഘടിപ്പിച്ചത്.



പ്രകൃതി സൗഹൃദ ചിത്ര രചന,ജൈവവൈവിധ്യത്തെക്കുറിച്ചും അതിന്റെ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുമുള്ള അവബോധം സംബന്ധിച്ച് പരിസ്ഥിതി ഗവേഷകരുടെ നേതൃത്വത്തിൽ കുട്ടികൾക്കായി വിവിധ സെക്ഷനുകൾ, ഇരവികുളം നാഷണൽ പാർക്ക്, മൂന്നാർ ലച്ച്മി എസ്റ്റേറ്റ് തുടങ്ങിയ ഇടങ്ങളിലെ ഫീൽഡ് സന്ദർശനം, ഗ്രൂപ്പ് ചർച്ചകൾ, കലാപരിപാടികൾ തുടങ്ങിയവ പഠനോത്സവം മികവുറ്റതാക്കി. പഠനോത്സവത്തിൽ പങ്കെടുത്ത വിദ്യാർത്ഥികളെ ഗ്രീൻ അംബാസിഡർമാരായി പ്രഖ്യാപിച്ചു ഹരിതകേരളം മിഷൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ക്യാമ്പിന്റെ സമാപന ദിവസം പരിസ്ഥിതി പ്രവർത്തകൻ ഡോ.ജോമി അഗസ്റ്റിൻ വിദ്യാർത്ഥികൾക്കായി പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച് ക്ലാസ്സ് നയിച്ചു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ജില്ലാതല ക്വിസ് മത്സരങ്ങളിൽ വിജയികളായവരാണ് ക്യാമ്പിൽ പങ്കെടുത്തത്.

അടിമാലിയിൽ ഹരിതകേരളം മിഷൻ സ്ഥാപിച്ച നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാന പഠനകേന്ദ്രത്തിന്റെ കമ്മ്യൂണിറ്റിതല പരിപാടികളുടെ ഭാഗമായാണ് ക്വിസ് മത്സരം നടത്തിയതും തുടർന്ന് പഠനോത്സവം സംഘടിപ്പിച്ചതും. പരിസ്ഥിതി, ജൈവവൈവിധ്യം എന്നീ വിഷയങ്ങളെ അധികരിച്ചായിരുന്നു ക്വിസ് മത്സരം സംഘടിപ്പിച്ചത്. ബ്ലോക്ക് -കോർപറേഷൻ തലത്തിൽ പങ്കെടുത്ത 9000 ത്തോളം പേരിൽ നിന്നും മത്സരവിജയികളായ 629 കുട്ടികളെ പങ്കെടുപ്പിച്ചാണ് ജില്ലാതല ക്വിസ് മത്സരം ജില്ലാകേന്ദ്രങ്ങളിൽ സംഘടിപ്പിച്ചത്.

പരിസ്ഥിതി ഗവേഷകൻ ഡോ.സുജിത് വി ഗോപാലൻ, അലൻ, ആദർശ്, അജയ്, നവകേരളംകർമപദ്ധതി അസിസ്റ്റന്റ് കോർഡിനേറ്റർ ടി പി സുധാകരൻ, പ്രോഗ്രാം ഓഫീസർ സതീഷ് ആർ വി,ഹരിത കേരളം മിഷൻ പ്രൊജക്റ്റ് കോർഡിനേറ്റർ ലിജി മേരി ജോർജ്, പ്രോഗ്രാം അസോസിയേറ്റ് കാർത്തിക എസ്,ജിഷ്ണു എം,ജില്ലാ കോർഡിനേറ്റർമാർ, ഹരിതകേരളം മിഷൻ യങ് പ്രൊഫഷണലുകൾ തുടങ്ങിയവർ പഠനോത്സവത്തിന് നേതൃത്വം നൽകി.



# ഇരവികുളത്തോട് ഇണങ്ങി വിദ്യാർത്ഥികൾ

പശ്ചിമഘട്ടത്തിന്റെ ജൈവവൈവിധ്യ സമൃദ്ധിയുടെ അടയാളമായ വരയാടുകളെ നേരിട്ട് കണ്ടത് വിദ്യാർത്ഥികൾക്ക് വേറിട്ട അനുഭവമായി.മനുഷ്യനോട് ഇണങ്ങിയ വരയാടുകൾ ഇരവികുളത്തിന്റെ മാത്രം പ്രത്യേകതയായത് കൊണ്ട് തന്നെ അവയോടൊപ്പം ചിത്രങ്ങൾ എടുത്തും മഞ്ഞും തണുപ്പ് ഒക്കെ മറികടന്ന് പ്രകൃതിക്ക് ഒപ്പം നടന്നു കയറുകയായിരുന്നു ഹരിത കേരളം മിഷൻ ജൈവവൈവിധ്യ പഠനോത്സവത്തിന്റെ ഭാഗമായി ഇരവികുളം ദേശീയ ഉദ്യാനത്തിൽ എത്തിയ വിദ്യാർത്ഥികൾ. മെയ് 27 ന് രാവിലെ തുടങ്ങിയ ഇരവികുളം ദേശീയ ഉദ്യാനം സന്ദർശനം ഉച്ചയോടെ സമാപിച്ചപ്പോൾ ഇരവികുളത്തിന്റെ ഏറ്റവും പ്രധാന സവിശേഷതയായ വരയാടുകൾക്ക് അപ്പുറം നീലക്കുറിഞ്ഞി,അവിടെയുള്ള അപൂർവ ഇനം സസ്യങ്ങൾ, ചിത്രശലഭങ്ങൾ പക്ഷികൾ തുടങ്ങിയവയെല്ലാം വിദ്യാർത്ഥികൾ പരിസ്ഥിതി ഗവേഷകർക്കൊപ്പം നിരീക്ഷിക്കുകയും സംശയനിവാരണം നടത്തുകയും ചെയ്തു.




## പക്ഷികളെ കണ്ടും കേട്ടും

പക്ഷികളെ അടുത്ത് നിരീക്ഷിക്കുന്നതിനും കൂടുതൽ അറിയുന്നതിനും വിദ്യാർത്ഥികളുമായി മൂന്നാർ ലച്ച്മി എസ്റ്റേറ്റ് സന്ദർശനം നടത്തി. കാടിനോട് ചേർന്നുള്ള യാത്രയിൽ പക്ഷികളെ കൂടാതെ ശലഭങ്ങളും വിവിധ ഇനം സസ്യ വൈവിദ്ധ്യങ്ങളെയും പരിചയപ്പെടാൻ വിദ്യാർത്ഥികൾക്ക് കഴിഞ്ഞു.









# ഐ.ഐ.എസ്.റ്റി.യിൽ ഗ്രീൻ ഓഡിറ്റ്

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയ്സ് സയൻസ് ആൻഡ് ടെക്നോളജിയുടെ വലിയമല കാമ്പസിൽ ഹരിതകേരള മിഷന്റെ നേതൃത്വത്തിൽ ഹരിത ഓഡിറ്റ് നടത്തി. ഐ എസ് ആർ ഒയുടെ കീഴിലുള്ള ദേശീയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായ ഐ ഐ എസ് റ്റി 2007 ലാണ് പ്രവർത്തനമാരംഭിച്ചത്. നിലവിൽ 1200 വിദ്യാർത്ഥികളുൾപ്പെടെ 1500 ലേറെപ്പേർ ഈ കാമ്പസിലുണ്ട്.

മാതൃകാപരമായ രീതിയിൽ ഹരിത ചട്ടങ്ങൾ പാലിച്ചാണ് ഐ ഐ എസ് റ്റിയുടെ പ്രവർത്തനം. അയ്യായിരത്തിലേറെ മരങ്ങൾ നിറഞ്ഞ കാമ്പസ് തികച്ചും ഹരിതാഭമാണ്. 500 കിലോവാട്ട് ഉത്പാദന ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിച്ചിട്ടുണ്ട്. രണ്ട് വലിയ കുളങ്ങളിൽ സംഭരിക്കുന്ന മഴവെള്ളം കാമ്പസിലെ മുഴുവൻ ആവശ്യങ്ങൾക്കും പര്യാപ്തമാണ്. മലിന ജലം റീസൈക്കിൾ ചെയ്ത് ജലസേചന ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു എന്ന സവിശേഷതയുമുണ്ട്.

ഹരിതകേരള മിഷൻ ജില്ലാ കോർഡിനേറ്റർ സി അശോകിന്റെ നേതൃത്വത്തിൽ നടന്ന ഹരിത ഓഡിറ്റിൽ നെടുമങ്ങാട് മുനിസിപ്പാലിറ്റി ക്ലീൻ സിറ്റി മാനേജർ പ്രേം നവാസ്, നവകേരളം കർമപദ്ധതിയങ് പ്രൊഫഷണൽ സൂര്യ സതീശൻ, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ ആതിര ജോൺ, ശുചിത്വ മിഷൻ റിസോഴ്സ് പേഴ്സൺ ഗീത തുടങ്ങിയവർ ഗ്രീൻ ഓഡിറ്റിൽ പങ്കെടുത്തു.

# ഹരിതോർജ്ജ സാധ്യതപഠനം ആരംഭിച്ചു

നെറ്റ് സീറോ കാർബൺ കേരളം കാമ്പയിന്റെ ഭാഗമായി വേൾഡ് റിസോർസസ് ഇൻസ്റ്റിറ്റ്യൂട്ട് (WRI) യുടെ സാങ്കേതിക സഹായത്തോടു കൂടെ പുരപ്പുറ സോളാർ സാധ്യതാ പഠനം (റൂഫ് ടോപ് സോളാർ ഫീസിബിലിറ്റി സ്റ്റഡി) ആരംഭിച്ചു. 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 1261 സർക്കാർ സ്ഥാപനങ്ങളിലാണ് സാധ്യതാപഠനം നടത്തുന്നത്. ഈ പഠനഫലങ്ങളുടെ അടിസ്ഥാനത്തിൽ നെറ്റ്സീറോ കാർബൺ തദ്ദേശ സ്വയംഭരണ സ്ഥപനങ്ങളിലെ എല്ലാ സർക്കാർ - പൊതുമേഖലാ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിലും സോളാർ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി ഉൽപാദനമാണ് ലക്ഷ്യമിടുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസുകളുടെയും കൈമാറ്റം ചെയ്തുകിട്ടിയ സ്ഥാപനങ്ങളുടെയും വൈദ്യുത ഉപഭോഗം വരുന്ന രണ്ടുവർഷത്തിനുള്ളിൽ 50 ശതമാനമെങ്കിലും ഹരിതോർജ്ജത്തിലേക്ക് മാറ്റുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

# അയ്യപ്പൻകാവ് പച്ചത്തുരുത്ത് - മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത്

കണ്ണൂർ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിലെ നാല് വാർഡുകളിലായി ബാവലി,പാലപ്പുഴ കരയിൽ ഉള്ള 136 ഏക്കർ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന പച്ചത്തുരുത്താണ് അയ്യപ്പൻകാവ് പച്ചത്തുരുത്ത്. പ്രകൃതി ഭംഗിയാൽ സമ്പന്നമാണ് ഇവിടം. 190 ഇനങ്ങളിലായി 27200 മരങ്ങളും,9520 കുറ്റിച്ചെടികളും,5440 വള്ളികളും ഇവിടെ സമൃദ്ധമായി വളരുന്നു.പശ്ചിമഘട്ടത്തിൽ മാത്രം കണ്ടുവരുന്നതും അപൂർവമായതുമായ വെള്ളപ്പയിൻ, മോതിരക്കാഞ്ഞിരം, കാശാവ്, നീർമാതളം, ഇരുമുള്ളി, വാതംകൊല്ലി മരം, നീർക്കുരുണ്ട, ചെറുപുന്ന, ചേടാരം, ചീറ് വള്ളി, വള്ളി മന്ദാരം, പൂമാലക്കുറിഞ്ഞി,മരച്ചെക്കി, കീഴ്ക്കൊലച്ചെക്കി, ആറ്റുകടമ്പ്, കടമ്പ്, മരോട്ടി, കാട്ടശോകം,നായുരിപ്പ്, ഉരിപ്പ്,നീർമരുത്, പേര, താന്നി, , ഞാവൽ, മണിമരുത്, കുളിർമാവ്, ചേറ്, എടന, ഉപ്പില, അശോകം, വെള്ളപ്പൈൻ, പാറകം, ആഞ്ഞിലി പ്ലാവ്, കണിക്കൊന്ന, അത്തി, നീർമാതളം, മുരിങ്ങ, നെല്ലി, വേപ്പ്, ഉങ്ങ്, ദന്തപ്പാല, കരിങ്ങോട്ട, കൊമ്പിൽ തുടങ്ങിയ സസ്യ വൈവിദ്ധ്യങ്ങൾ ഇവിടെയുണ്ട്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന പച്ചത്തുരുത്താണിത്. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിയിൽ ഉൾപ്പെടുത്തി ജൈവ വൈവിദ്ധ്യബോർഡിന്റെ സഹായത്താൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഈ പച്ചത്തുരുത്തിൽ ജൈവ വൈവിധ്യ പഠനം പൂർത്തീകരിച്ചു.



# കടൽത്തീരത്തിന് ഹരിത കവചം പദ്ധതിക്ക് തുടക്കമായി

കാസർഗോഡ് വലിയപറമ്പ് ഗ്രാമപഞ്ചായത്തിന്റെ തീരദേശ സംരക്ഷണത്തിനും നെറ്റ് സീറോ കാർബൺ അവസ്ഥ കൈവരിക്കുന്നതിനും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ 'കടൽത്തീരത്തിന് ഒരു ഹരിത കവചം' എന്ന പേരിൽ അമ്പതിനായിരം കാറ്റാടി തൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിക്ക് തുടക്കമായി. തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ കോർഡിനേറ്റർ നിസാമുദ്ദീൻ ഐ.എ.എസ്. കാറ്റാടി തൈ നട്ട് പദ്ധതിക്ക് തുടക്കം കുറിച്ചു. 50,000 കാറ്റാടി തൈകൾ ഗ്രാമപഞ്ചായത്ത് നഴ്സറിയിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ വളർത്തിയെടുക്കുകയും അത് തീരത്ത് നട്ടുപിടിപ്പിക്കുകയും ചെയ്യുന്ന സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ജില്ലയിലെ ആദ്യത്തെ പദ്ധതിയാണിത്. തൊഴിലുറപ്പു പദ്ധതി മുഖേനയാണ് നിർവ്വഹണ സഹായം ഹരിത കേരളം



മിഷന്റെ ഭാഗമായി കണ്ടൽ തുരുത്ത് ഒരുക്കാനും ജൈവ വൈവിധ്യം സംരക്ഷണവും കാർബൺ തുലിത പ്രവർത്തനത്തിനായി കണ്ടലോരം ഒരുക്കിയത്. 24 കിലോ മീറ്റർ കടൽത്തീരമുള്ള വലിയപറമ്പിൽ കര മെലിഞ്ഞുകൊണ്ടേയിരിക്കുന്ന സാഹചര്യത്തിലാണ് കാറ്റാടി തൈകളാൽ തീര ശോഷണം തടയാനുള്ള പദ്ധതി.

# ജലബജറ്റ്, നെന്മാറ ബ്ലോക്ക്തല കൺവെൻഷൻ

പാലക്കാട് നെന്മാറ ബ്ലോക്കിൽ ജലബജറ്റ് തയ്യാറാക്കുന്നതിന് വേണ്ടിയുള്ള ബ്ലോക്ക്തല കൺവെൻഷൻ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്നു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി. ലീലാമണി അഭിസംബോധന ചെയ്ത് സംസാരിച്ച ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഡി. ജയകുമാർ അധ്യക്ഷത വഹിച്ചു. തൊഴിലുറപ്പ് പദ്ധതി ബ്ലോക്ക് പ്രോഗ്രാം ഓഫീസർ സ്വാഗതവും ബ്ലോക്ക് ജനറൽ എക്സ്റ്റൻഷൻ ഓഫീസർ നന്ദിയും പറഞ്ഞു. എലവഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ്, പല്ലശ്ശന പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. തുടർന്ന് 'ജല ബജറ്റ് എന്ത് ? എങ്ങനെ?' എന്ന വിഷയത്തെക്കുറിച്ചും ജലബജറ്റ് തയ്യാറാക്കുന്നതിന് വേണ്ട ചോദ്യാവലിയെക്കുറിച്ചും സാങ്കേതിക വിഷയങ്ങളെ കുറിച്ചും നവകേരളം കർമപദ്ധതി റിസോഴ്സ് പേഴ്സൺമാർ അവതരണങ്ങൾ നടത്തി. തുടർന്ന് ഗ്രാമപഞ്ചായത്ത് തലത്തിൽ നടത്തേണ്ട ജലബജറ്റ് സാങ്കേതിക സമിതി യോഗത്തിന്റെ തീയതികൾ തീരുമാനിച്ചു.

# 'ഒരു ദിനം പുഴയോരത്ത് ' പരിസ്ഥിതി ദിനാഘോഷം

കോഴിക്കോട് ജില്ലയിൽ ബാലുശേരി മണ്ഡലത്തിൽ എം.എൽ.എ. സച്ചിൻദേവിന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഹരിതകേരളം മിഷന്റെയും സഹകരണത്തോടെ നടപ്പാക്കുന്ന മഞ്ഞപ്പുഴ - രാമൻപുഴ സമഗ്ര വികസന പദ്ധതിയുടെ ഭാഗമായി 'ഒരു ദിനം പുഴയോരത്ത്' എന്ന പേരിൽ കൂട്ടായ്മ സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്ക് പുഴയെ കുറിച്ചും, പുഴയുടെ ചരിത്രത്തെകുറിച്ചുമുള്ള അവബോധം സൃഷ്ടിക്കുവാനും മഞ്ഞപ്പുഴ രാമൻപുഴ പുനരുജ്ജീവന സമഗ്ര വികസന പദ്ധതിയെകുറിച്ച് അറിവ് നൽകാനും ലക്ഷ്യമിട്ടായിരുന്നു പരിപാടി. ജൂൺ 5 പരിസ്ഥിതി ദിനത്തിൽ പുത്തഞ്ചേരിയിലെ രാമൻ പുഴയുടെ തീരത്ത് രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 2 മണിവരെയാണ് 'ഒരു ദിനം പുഴയോരത്ത്' സംഘടിപ്പിച്ചത്. മണ്ഡലത്തിലെ മുഴുവൻ ഹൈസ്കൂളുകളിൽ നിന്നുമായി തിരഞ്ഞെടുക്കപ്പെട്ട 50 വിദ്യാർഥികളും, പ്രദേശ വാസികളും, സംഘാടകരും, പഞ്ചായത്ത്തല പദ്ധതി കൺവീനർമാരും അടങ്ങുന്ന നിരവധിപേർ പരിപാടിയിൽ പങ്കെടുത്തു. പരിപാടിയുടെ ഉദ്ഘാടനം കെ.എം. സച്ചിൻദേവ് എം.എൽ.എ. നിർവഹിച്ചു. രാവിലെ സമീപത്തെ പുഴയോരത്ത് കൂടി പുഴ നടത്തം നടത്തി, എംഎൽഎയുടെ നേതൃത്വത്തിൽ പുഴയോരത്ത് തൈകൾ നടുകയും ചെയ്തു. ഉള്ളിയേരി പഞ്ചായത്ത് പ്രസിഡന്റ് സി. അജിത അധ്യക്ഷയായി.





# പുതിയ ഓട്ടിസം പാർക്ക് നിർമ്മാണം പൂർത്തിയായി

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയായി വിദ്യാകിരണം പദ്ധതിയിൽ സി.എസ്.ആർ ഫണ്ട് സമാഹരിച്ച് ഭൗതിക സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന്റെ ഭാഗമായി ഭിന്നശേഷി കുട്ടികൾക്കായി കോട്ടയം ഈസ്റ്റ് ബി ആർ സിയിൽ പാരഗൺ പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും 55 ലക്ഷം രൂപ മുതൽമുടക്കുള്ള പുതിയ ഓട്ടിസം പാർക്ക് നിർമ്മാണം പൂർത്തിയായി. ഓട്ടിസം പാർക്കിന്റെ ഉദ്ഘാടനം ജില്ലാ കളക്ടർ വി. വിഗ്നേശ്വരി നിർവ്വഹിച്ചു. പാരഗൺ പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടർ റെജി കെ ജോസഫ്, സമഗ്ര ശിക്ഷ കേരളയുടെ അഡിഷണൽ ഡയറക്ടർ കെ.എസ് ശ്രീകല, വിദ്യാകിരണം കോഡിനേറ്റർ കെ.ജെ പ്രസാദ്, ഡിഡിഇ സുബിൻ പോൾ തുടങ്ങിയവർ നേതൃത്വം നൽകി.

# അടിമാലി മാപത്തോൺ പൂർത്തീകരിച്ചു

ഇടുക്കി അടിമാലി ഗ്രാമപഞ്ചായത്തിലെ മാപത്തോൺ ജോലികൾ ഹരിതകേരളം മിഷൻ പൂർത്തിയാക്കി. നാല് ദിവസങ്ങളിലായി സംസ്ഥാന - ജില്ലാ മിഷനുകളിൽ നിന്നുള്ള ആർ.പി.മാർ, ഇന്റേൺഷിപ്പ് ട്രെയിനിമാർ എന്നിവരുടെ സഹായത്തോടെയാണ് പ്രവർത്തികൾ പൂർത്തിയാക്കിയത്. 150 ലധികം നീർച്ചാലുകളുടെ മാപിംഗ് ജോലികളാണ് പൂർത്തിയായത്. പ്രവചനാതീതമായ കാലാവസ്ഥാ മാപിംഗ് ജോലികൾക്ക് വേഗത കുറച്ചെങ്കിലും സമയബന്ധിതമായി ജോലികൾ പൂർത്തിയാക്കാൻ സാധിച്ചു. ഇടുക്കി ജില്ലയിലെ മുപ്പതോളം തദ്ദേശസ്ഥാപനങ്ങളിൽ മാപിംഗ് ജോലികൾ പൂർത്തിയായിക്കഴിഞ്ഞു. അവശേഷിക്കുന്ന തദ്ദേശസ്ഥാപനങ്ങളിലെ മാപിംഗ് ജോലികൾ പുരഗമിക്കുകയാണ്. ചെറുതും വലുതുമായ എല്ലാ നീർച്ചാലുകളെയും മാപിംഗ് ശൃംഖലയിലേക്ക് എത്തിച്ച സമഗ്രമായ നീർത്തടാധിഷ്ഠിത പദ്ധതികളാണ് മാപത്തോൺ ലക്ഷ്യം വയ്ക്കുന്നത്. സംസ്ഥാനത്തൊട്ടാകെ നീർച്ചാലുകളെ ഡിജിറ്റൽ മാപിംഗിലേക്ക് രേഖപ്പെടുത്തുന്ന ജോലികൾ അവസാനഘട്ടത്തിലാണ്.





Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in